**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3311** **01-03-2023 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്യുകയും കൃത്യമായി രജിസ്ട്രേഷൻ പുതുക്കുകയും ചെയ്യുന്നുണ്ടെങ്കിലും അവരുടെ അർഹതാ മാനദണ്ഡങ്ങളെപ്പറ്റിയും, സീനിയോറിറ്റിയെപ്പറ്റിയും കൃത്യമായി അറിയാത്തത് കാരണം ഉദ്യോഗാർത്ഥികൾ ആശങ്കപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുകയും, കൃത്യമായി പുതുക്കുകയും ചെയ്തുവരുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ അർഹതാ മാനദണ്ഡങ്ങളെപ്പറ്റിയും, സീനിയോറിറ്റിയെപ്പറ്റിയും അറിയുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തലത്തിൽ ഓരോ മൂന്നു വർഷം കൂടുമ്പോഴും സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നുണ്ട്. കഴിഞ്ഞ 3 വർഷ കാലയളവിൽ 5 ഒഴിവുകളെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുള്ള എല്ലാ തസ്തികകളിലും കൂടാതെ പുതിയ പരിതസ്ഥിതിയിൽ അറിയിക്കപ്പെടാൻ സാധ്യതയുള്ള തസ്തികകളിലേയ്ക്കുമാണ് സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുന്നത്. ടി സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച വിവരം പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകാറുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായും അല്ലെങ്കിൽ ഓഫീസിൽ ഹാജരായി, നേരിട്ടും ലിസ്റ്റ് പരിശോധിക്കാവുന്നതും ആയതിലൂടെ നിയമന സാധ്യതയെപ്പറ്റിയുള്ള സംശയങ്ങൾ ദൂരീകരിക്കാവുന്നതുമാണ്. |
| (ബി) | ഉദ്യോഗാർത്ഥികളുടെ ഇത്തരം ആശങ്കകൾ പരിഹരിക്കുന്നതിന് അതത് ഓഫീസുകളിൽ രജിസ്റ്റർ ചെയ്തവരുടെ വിവരങ്ങൾ ഉൾപ്പെടുത്തി സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന കാര്യം പരിശോധിക്കുമോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുകയും, കൃത്യമായി പുതുക്കുകയും ചെയ്തുവരുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ അർഹതാ മാനദണ്ഡങ്ങളെപ്പറ്റിയും, സീനിയോറിറ്റിയെപ്പറ്റിയും അറിയുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തലത്തിൽ ഓരോ മൂന്നു വർഷം കൂടുമ്പോഴും സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നുണ്ട്. കഴിഞ്ഞ 3 വർഷ കാലയളവിൽ 5 ഒഴിവുകളെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുള്ള എല്ലാ തസ്തികകളിലും കൂടാതെ പുതിയ പരിതസ്ഥിതിയിൽ അറിയിക്കപ്പെടാൻ സാധ്യതയുള്ള തസ്തികകളിലേയ്ക്കുമാണ് സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുന്നത്. ടി |

| | | | |
|---|---|---|---|
| | | | സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച വിവരം പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകാറുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായും അല്ലെങ്കിൽ ഓഫീസിൽ ഹാജരായി, നേരിട്ടും ലിസ്റ്റ് പരിശോധിക്കാവുന്നതും ആയതിലൂടെ നിയമന സാധ്യതയെപ്പറ്റിയുള്ള സംശയങ്ങൾ ദൂരീകരിക്കാവുന്നതുമാണ്. |
| (സി) | ഇത്തരം സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നത് വ്യക്തമാക്കുമോ? | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുകയും, കൃത്യമായി പുതുക്കുകയും ചെയ്തുവരുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ അർഹതാ മാനദണ്ഡങ്ങളെപ്പറ്റിയും, സീനിയോറിറ്റിയെപ്പറ്റിയും അറിയുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് തലത്തിൽ ഓരോ മൂന്ന് വർഷം കൂടുമ്പോഴും സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നുണ്ട്. കഴിഞ്ഞ 3 വർഷ കാലയളവിൽ 5 ഒഴിവുകളെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുള്ള എല്ലാ തസ്തികകളിലും കൂടാതെ പുതിയ പരിതസ്ഥിതിയിൽ അറിയിക്കപ്പെടാൻ സാധ്യതയുള്ള തസ്തികകളിലേയ്ക്കുമാണ് സീനിയോറിറ്റി ലിസ്റ്റുകൾ തയ്യാറാക്കുന്നത്. ടി സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിച്ച വിവരം പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകാറുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ഓൺലൈനായും അല്ലെങ്കിൽ ഓഫീസിൽ ഹാജരായി, നേരിട്ടും ലിസ്റ്റ് പരിശോധിക്കാവുന്നതും ആയതിലൂടെ നിയമന സാധ്യതയെപ്പറ്റിയുള്ള സംശയങ്ങൾ ദൂരീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ